## ശബ്ബത്തിൻ വിശ്രമത്തിന്റെ അർഥം

### I. ബൈബിളിലെ ശബ്ബത്തിൻ വിശ്രമത്തെക്കുറിച്ചുള്ള ആദ്യത്തെ പരാമർശത്തിന്റെ പ്രാധാന്യം നാം അറിയണം

- ദൈവം തന്റെ വേല പൂർത്തിയാക്കി തൃപ്തനായതുകൊണ്ട് ഏഴാം ദിവസം വിശ്രമിച്ചു;
- മനുഷ്യൻ ദൈവത്തെ ആവിഷ്കരിക്കുകയും ദൈവത്തെ പ്രതിനിധീകരിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന് ഒരു ശബ്ബത്തിൻ വിശ്രമമാണ്; ശബ്ബത്തിൻ വിശ്രമം തന്റെ ഹൃദയാഗ്രഹത്തിലുള്ള ദൈവത്തിന്റെ സംതൃപ്തിയാണ്
- ദൈവത്തിന്റെ ഏഴാം ദിവസം മനുഷ്യന്റെ ഒന്നാം ദിവസമായിരുന്നു; ശബ്ബത്ത് ആചരിക്കുക എന്നാൽ നമ്മുടെ വേല അവസാനിപ്പിച്ച്, ദൈവത്തെയും അവൻ നമുക്കുവേണ്ടി നിവർത്തിച്ച എല്ലാറ്റിനെയും നമ്മുടെ ആസ്വാദനവും വിശ്രമവും സംതൃപ്തിയുമായി എടുക്കുന്നതാണ്; ഇതാണ് ദൈവത്തിന്റെ വ്യവസ്ഥ.
- പുതിയ യെരൂശലേം ദൈവത്തിന്റെ ആത്യന്തികവും ശാശ്വതവുമായ ശബ്ബത്തിൻ വിശ്രമമായിരിക്കും

## മൂന്നു ഘട്ടങ്ങളിലുള്ള ശബ്ബത്ത്

### II. ശബ്ബത്തിൻ വിശ്രമം മൂന്നു ഘട്ടങ്ങളിലുള്ള നമ്മുടെ വിശ്രമമായ ക്രിസ്തു ആണ്

- **സഭായുഗം**—കനാൻ എന്ന നല്ല ദേശത്താൽ മുൻകുറിക്കപ്പെടുന്ന സ്വർഗീയ ക്രിസ്തു നമ്മുടെ ആത്മാവിലുള്ള നമ്മുടെ വിശ്രമം ആണ്.
- **സഹസ്രാബ്ദ** രാജ്യം—രാജ്യത്തോടുകൂടെയുള്ള ക്രിസ്തു, അവന്റെ ജയാളികളായ വിശുദ്ധന്മാർക്ക് പൂർണതയേറിയ വിധത്തിൽ വിശ്രമമായിരിക്കും
- **വരുംകാല നിത്യത**—സർവവും കീഴടക്കുന്നവനായ ക്രിസ്തു ദൈവത്തിന്റെ എല്ലാ വീണ്ടെടുക്കപ്പെട്ടവർക്കും സമ്പൂർണമായ വിധത്തിൽ നിത്യതയോളം വിശ്രമമായിരിക്കും.
- ഒന്നാം ഘട്ടത്തിൽ അവനെ ശുഷ്കാന്തിയോടെ അന്വേഷിക്കുകയും തങ്ങളുടെ വിശ്രമമായി അവനെ ആസ്വദിക്കുകയും ചെയ്ത അവന്റെ എല്ലാ ജയാളികളായ വിശ്വാസികളും രണ്ടാം ഘട്ടത്തിലെ വിശ്രമത്തിൽ പ്രവേശിക്കും.

## ഒന്നാം ഘട്ടത്തിലുള്ള ശബ്ബത്ത് അനുഭവമാക്കുവാനുള്ള മാർഗ്ഗം

### III. മത്തായി 11:28-30-ലെ കർത്താവിന്റെ വാക്കിന് നാം ശ്രദ്ധ നൽകണം

- അധ്വാനം മതത്തിന്റെ പാലനത്തിനായുള്ള പരിശ്രമത്തെയും, ജോലിയിൽ വിജയിക്കുവാനുള്ള തീവ്രയത്നത്തെയും സൂചിപ്പിക്കുന്നു. അധ്വാനം ഭാരം ചുമക്കുന്നതാണ്
- വിശ്രമം തികഞ്ഞ സമാധാനത്തോടും പൂർണ്ണ സംതൃപ്തിയോടും കൂടെ സകല അധ്വാനത്തിൽനിന്നും ഭാരത്തിൽ നിന്നും സ്വതന്ത്രരാക്കപ്പെടുന്നതാണ്
- നാം പിതാവിന്റെ ഹിതം എടുക്കുകയാണ്
- ഇത് നമ്മുടെ ദേഹിയുടെ വിശ്രമമാണ്.
- കർത്താവിന്റെ നുകം എളുപ്പമാണ്, കയ്പുള്ളതല്ല, അങ്ങനെയുള്ള ഭാരം ലഘുവാണ്, ഭാരമുള്ളതല്ല. അത് നല്ലതും ദയവുള്ളതും മൃദുവും സൗമ്യവും ഹൃദ്യവും ആണ്

## ശബ്ബത്ത് എന്തിനുവേണ്ടിയാണ്—കെട്ടുപണി

### IV. കെട്ടുപണിക്കുള്ള ദിവ്യ തത്വം—ആദ്യം ആസ്വാദനം തുടർന്ന് വേല

- ആറ് ദിവസം കൊണ്ട് യഹോവ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കി, ഏഴാം ദിവസം അവൻ വിശ്രമിച്ച് ഉന്മേഷം പ്രാപിച്ചതിനെ സൂചിപ്പിക്കുന്ന, ദൈവത്തിനും ഇസ്രായേൽ മക്കൾക്കും മധ്യേ ഒരു അടയാളമാണ്. ശബ്ബത്ത്. യിസ്രായേൽമക്കൾ തലമുറതലമുറയായി ശബ്ബത്തിനെ നിത്യനിയമമായിട്ട് ആചരിക്കേണം
- മനുഷ്യനായിരുന്നു ദൈവത്തിന്റെ ഉന്മേഷം
- **ദിവ്യ തത്ത്വം**—ദൈവം നമുക്ക് ആദ്യം ആസ്വാദനം നൽകുന്നു, നാം അവനോടുചേർന്നു തുടർന്ന് വേല ചെയ്യുന്നു; അവന്റെ വേലയിൽ ദൈവവുമായി ഒന്നായിരിക്കണമെങ്കിൽ നാം അവനെ ആസ്വദിക്കണം.
- ദൈവത്തെ സംബന്ധിച്ച് വേല ചെയ്യുന്നതിന്റെയും വിശ്രമിക്കുന്നതിന്റെയും കാര്യമാണ്; മനുഷ്യനെ സംബന്ധിച്ച് വിശ്രമിക്കുന്നതിന്റെയും വേല ചെയ്യുന്നതിന്റെയും കാര്യമാണ്
- സഭയുടെ കെട്ടുപണിക്കുവേണ്ടി നാം അവനുമായി ഒരുമിച്ച് വേല ചെയ്യണം
- നാം വഹിക്കുന്ന അടയാളം, ഒന്നാമതായി നാം ദൈവത്തോടുകൂടെ വിശ്രമിക്കുകയും ദൈവത്തെക്കൊണ്ട് നിറഞ്ഞിരിക്കുകയും ചെയ്യുന്നു; അതിനുശേഷം നമ്മെ നിറയ്ക്കുന്നവനുമായുള്ള ഒരുമയിൽ നാം ഒരുമിച്ച് വേല ചെയ്യുന്നു; ഇത് ദൈവവുമായുള്ള ഒരു നിത്യ ഉടമ്പടി, ഒരു നിത്യ കരാർ ആണ്

## അലഞ്ഞുതിരിയുന്ന ദേഹിയിൽനിന്നും വിടുവിക്കപ്പെടുവാനുള്ള ഉപാധി

### V. ക്രിസ്തുവിനെ നല്ലദേശമായി ആസ്വദിക്കുന്നതിനുള്ള ഉപാധി ജീവനുള്ളതും വ്യാപരിക്കുന്നതുമായ ദൈവവചനമാണ്

- ഒന്നാമത്തെ ഘട്ടത്തിൽ നാം ക്രിസ്തുവിനെ സ്വീകരിക്കുകയും ലോകത്തിൽനിന്നു വീണ്ടെടുക്കപ്പെടുകയും വിടുവിക്കപ്പെടുകയും ചെയ്യുന്നു. രണ്ടാമത്തെ ഘട്ടത്തിൽ കർത്താവിനെ അനുഗമിക്കുന്നതിൽ നാം നമ്മുടെ ദേഹിയിൽ അലഞ്ഞുതിരിയുന്നു. മൂന്നാമത്തെ ഘട്ടത്തിൽ നാം നമ്മുടെ ആത്മാവിൽ ക്രിസ്തുവിൽ പങ്കുചേരുകയും ആസ്വദിക്കുകയും ചെയ്യുന്നു.
- നമ്മുടെ ആത്മാവിലേക്ക് നാം തിരിഞ്ഞു കൃപയുടെ സിംഹാസനത്തെ സ്പർശിക്കണം
- ആത്മാവ് നമ്മുടെ ദേഹിയിൽ ആഴത്തിൽ മറഞ്ഞിരിക്കുന്നു. ദേഹിയിൽനിന്നും ആത്മാവിനെ വേർതിരിക്കുന്നതിന് ദേഹിയുടെ തകർച്ച ആവശ്യമാണ്
- ദൈവത്തിന്റെ ജീവനുള്ള വചനം നമ്മുടെ ആളത്തത്തിലേക്ക് തുളച്ചുചെന്ന് നമ്മുടെ സന്ദേഹപ്പെടുന്ന മനസ്സിൽനിന്നും അലഞ്ഞുതിരിയുന്ന ദേഹിയിൽനിന്നും നമ്മുടെ ആത്മാവിലുള്ള ശബ്ബത്തിൻ വിശ്രമമായ ക്രിസ്തുവിലേക്ക് നമ്മെ വിടുവിക്കണം